# സ്മാർട്ട്സിറ്റി

തമ്പി ആന്റണി

## കവിത

ശിലായുഗത്തിനപ്പുറം
ഇരുമ്പിനും മരുന്നിനും
മഴുവിനും മുമ്പ്
പരശുരാമൻ
മഴുവെറിഞ്ഞുപോൽ!

ക്രിസ്തുവിനും
മാക്സിനും
മാവോയ്ക്കും മുമ്പ്
മാവേലി വന്നു
മാനവർ ചൊല്ലി
സമത്വഗാഥ!
വാമനമുതലാളി
കോപിച്ചയാളെ
പാതാളത്തിലയച്ചു.

ഏതോ യുഗത്തിൽ
കുടിയേറ്റക്കാർ
കറുത്തസ്വർണ്ണം വിതച്ചു!
റബറിന്റെ മണമുണർന്ന
പുതുമണ്ണിൽ
പുഴകൾ വരു
വയലുകൾ മറഞ്ഞു
കരിമണൽ
ദുരന്തമായി!

അരിപ്രാവുകളുടെ
മരണത്തിൽ ചിരിച്ച
ദൈവനാട്ടിലെ
കേരക്കൊമ്പുകളിൽ
കാക്കകൾ
വിരുന്നു വിളിച്ചു
വിരുന്നുകാരാ ഇതിലേ......

ഡിജിറ്റൽ യുഗത്തിൽ
കൊക്കേഷ്യൻസ് പറന്നെത്തി.
ഹാട്ട്മെയിലും
ഹാട്ട്ഫീമെയിലും
സ്മാർട്ടായി
ചീറ്റു ചെയ്തു.

മരുഭൂമിയിൽ
ശീതക്കാറ്റു വീശി.
ജാതിഭേതം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
വണങ്ങുന്നു
സ്മാർട്ട്സിറ്റി
സ്മാർട്ട്സിറ്റി ഡോട്ട്കോം!

കൊക്കേഷ്യൻസ് = വെളുത്ത വർഗക്കാർ